തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : ദിലീപ് കുമാർ.റ്റി.ഐ.

വിഷയം:- വനം വകുപ്പ് - ജീവനക്കാര്യം - അറ്റൻഡർ ഗ്രേഡ് II തസ്തികയിലേക്ക് തസ്തികമാറ്റം വഴി ഓഫീസ് അറ്റൻഡന്റിനെ നിയമിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന:- (1) ഈ ഓഫീസിലെ 01.02.2020-ലെ ഇതേ നമ്പർ കത്ത്
(2) ഈ ഓഫീസിലെ 13-03-2020 -ലെ ഇതേ നമ്പർ ഉത്തരവ്.
(3) ശ്രീ.അഹമ്മദ് ബാബു.എം ന്റെ 17-03-2020 തീയതിയിലെ അപേക്ഷ.
(4) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ഫീൽഡ് ഡയറക്ടർ പാലക്കാടിന്റെ 18-03-2020 ലെ P3-308/2020 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ഇ2-291/2020 തീയതി. 06-05-2020**

സൂചന (2) ഉത്തരവ് പ്രകാരം അറ്റൻഡർ ഗ്രേഡ് II ആയി തസ്തികമാറ്റം ലഭിച്ച ശ്രീ.അഹമ്മദ് ബാബു.എം സൂചന (3) പ്രകാരം ടി തസ്തികമാറ്റം വേണ്ടായെന്ന് അപേക്ഷിക്കുകയും, ടി അപേക്ഷ സൂചന (4) കത്ത് പ്രകാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ വന്യജീവി വിഭാഗം & ഫീൽഡ് ഡയറക്ടർ, പാലക്കാട് ശുപാർശ ചെയ്ത് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട് . ഈ സാഹചര്യത്തിൽ സൂചന (2) പ്രകാരം ശ്രീ.എം. അഹമ്മദ് ബാബുവിന് നൽകിയ തസ്തികമാറ്റം റദ്ദ്ചെയ്തുകൊണ്ടും സൂചന (1) കത്തിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിൽ ലഭിച്ച അപേക്ഷകളിൽ തസ്തികമാറ്റത്തിന് അർഹയായ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ) പാലക്കാടിന്റെ ഓഫീസിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി.സീന.കെ.ആർ ന് 17000-37500 രൂപ ശമ്പള സ്കെയിലിൽ അറ്റൻഡർ ഗ്രേഡ് II ആയി തസ്തികമാറ്റം അനുവദിച്ച്, വാളയാർ വനപരിശീലന കേന്ദ്രത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

ശ്രീമതി.സീന.കെ.ആർ, ഓഫീസ് അറ്റൻഡന്റിന് മേൽപറഞ്ഞ ശമ്പള സ്കെയിലിൽ സമയബന്ധിത ഹയർഗ്രേഡ്/റേഷ്യോ പ്രമോഷൻ ലഭിച്ചിട്ടുണ്ടെങ്കിൽ KSR Part I Rule 28A പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്

1. ജീവനക്കാരിക്ക് മേലധികാരിമുഖേന നൽകുന്നു.
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ഫീൽഡ് ഡയറക്ടർ പാലക്കാടിന് അറിവിലേക്കായി നൽകുന്നു
3. ഡയറക്ടർ, സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, വാളയാറിന് അറിവിലേക്കായി നൽകുന്നു.

C:\Users\E2\Desktop\E2\Category Change\E2-291-20 M Dt 12.3.20 JS Meera - Copy.Doc